പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സൗജന്യങ്ങൾ.

*30. [2] ശ്രീ. കെ. ഒ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വിദ്യാഭ്യാസവർഷത്തിൽ ഹൈസ്കൂൾ ക്ലാസ്സുകളിലും പ്രൈമറി ക്ലാസ്സുകളിലും പഠിക്കുന്ന എത്ര പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൗജന്യം നൽകിയിട്ടുണ്ട്;

(ബി) ഇവർക്ക് ഗവണ്മെന്റിൽനിന്നു നൽകുന്ന സൗജന്യങ്ങൾ എന്തെല്ലാം?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഹൈസ്കൂൾ ക്ലാസ്സുകളിൽ 4,263 പട്ടികജാതി വിദ്യാർത്ഥികൾക്കും, പ്രൈമറിസ്കൂൾ ക്ലാസ്സുകളിൽ 90,486 പട്ടികജാതി വിദ്യാർത്ഥികൾക്കും സൗജന്യം നൽകിയിട്ടുണ്ട്.

(ബി) ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ഫീസ് സൗജന്യത്തിനു പുറമേ 40 രൂപ വീതം വാർഷികഗ്രാന്റും, പ്രൈമറിസ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി പുസ്തകങ്ങളും നൽകിയിട്ടുണ്ട്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: പ്രൈമറിസ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പുസ്തകം കിട്ടുന്നില്ല എന്നു പരാതികൾ ലഭിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഗവണ്മെന്റ് പബ്ലിക്കേഷൻസ് എല്ലാം പട്ടികജാതി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നുണ്ട്. ആർക്കും ഇതുവരെ പുസ്തകങ്ങൾ കൊടുക്കാതെയിരുന്നിട്ടില്ല.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനുവേണ്ടി കൊച്ചിയിൽ പണമായി കൊടുത്തുവന്നതായിട്ട് അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: മുൻപ് കൊച്ചിയിൽ അങ്ങനെയായിരുന്നു ചെയ്തിരുന്നത്. അതു പരിവർത്തനപ്പെടുത്തി ഇപ്പോൾ തിരുവിതാംകൂറിലും, കൊച്ചിയിലും പുസ്തകങ്ങളാണ് കൊടുക്കുന്നത്.

ശ്രീ. കെ. എ. ബാലൻ: എന്തുകൊണ്ടാണ് പുസ്തകം കൊടുക്കുന്നതിനുവേണ്ടി പണമായി അവർക്ക് കൊടുക്കാത്തത്?

ശ്രീ. കെ. കൊച്ചുകുട്ടൻ: പുസ്തകങ്ങൾ ഗവണ്മെന്റ് തന്നെ ഉണ്ടാക്കി അച്ചടിപ്പിക്കുകയാണ്. മാത്രമല്ല; പട്ടികജാതിക്കാരുടെ വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം അവരുടെ കയ്യിൽ പണം കൊടുക്കുന്നതിനേക്കാൾ പുസ്തകങ്ങൾ കൊടുത്തു പഠിപ്പിക്കുകയായിരിക്കും കൂടുതൽ നല്ലതെന്നു ഗവണ്മെന്റിനു തോന്നിയതുകൊണ്ടാണ് അപ്രകാരം ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ആർ. മാധവൻപിള്ള : ചില മാനേജ്മെന്റ് സ്കൂളുകളിലെ ഹരിജന വിദ്യാർത്ഥികൾക്ക് പുസ്തകങ്ങൾപോലും കിട്ടുന്നില്ലെന്നു് അറിയാമോ ?

ശ്രീ. കെ. വി. കുട്ടൻ : അങ്ങനെ കിട്ടുന്നില്ലെങ്കിൽ അവയെപ്പറ്റി അന്വേഷിച്ചു നടപടിയെടുക്കുന്നതാണു്.

ശ്രീ. എ. എ. ഡി. ലൂയിസ് : പ്രൈവറ്റ് ഇൻസ്റ്റിറ്റ്യൂഷൻസ് പോലും reimburse ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. വി. കുട്ടൻ : കൊടുക്കുന്നുണ്ടു്.

ശ്രീ. എ. എ. ഡി. ലൂയിസ് : എത്ര രൂപവീതം കൊടുക്കുന്നുണ്ടെന്നു പറയാമോ ?

ശ്രീ. കെ. കുട്ടൻ : പ്രത്യേകം ഒരു ചോദ്യമായി ചോദ്യിച്ചാൽ മറുപടി പറയാം.

## ഹരിജൻ കോളനികൾ.

* 31. [3] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ദയവായി മറുപടി പറയുമോ :

(എ) ഈ സംസ്ഥാനത്തു് ആകെ എത്ര ഹരിജൻ കോളനികളുണ്ടു്;

(ബി) ഓരോ വില്ലേജിലും ഹരിജൻ കോളനികൾ സ്ഥാപിച്ചു താമസിക്കുവാൻ വീടില്ലാത്ത ഹരിജനങ്ങളെ സഹായിക്കുമോ ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. വി. കുട്ടൻ):

(എ) ഈ സംസ്ഥാനത്താകെ 189 ഹരിജൻ കോളനികൾ ഉണ്ടു്.

(ബി) ഈ കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : മേൽപറഞ്ഞ കോളനികളിൽ താമസിക്കുന്നവർക്കു് എന്തെല്ലാം സഹായങ്ങളാണു് ഗവണ്മെന്റ് ചെയ്യുന്നതെന്നു പറയാമോ ?

ശ്രീ. കെ. കുട്ടൻ : താമസിക്കാനുള്ള സ്ഥലം അനുവദിച്ചിട്ടുണ്ടു്. വീടുപോലും നിവൃത്തിയില്ലാത്തവർക്കു് വീടുകെട്ടി കൊടുത്തിട്ടുണ്ടു്. കുടിക്കാൻ ശുദ്ധജലം കിട്ടുന്നതിനുവേണ്ടി ചില സ്ഥലങ്ങളിൽ കിണർ കുഴിക്കുകയും, മറ്റു ചില സ്ഥലങ്ങളിൽ വാട്ടർസപ്ലൈ മുഖാന്തിരം സൗകര്യപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : കോളനികളിൽ താമസിക്കുന്നവർക്കു കുടിക്കാൻ വെള്ളം കിട്ടുന്നില്ലായെന്ന പരാതി ഉണ്ടായിട്ടുണ്ടോ ?

ശ്രീ. കെ. വി. കുട്ടൻ : വേനൽക്കാലമാകുമ്പോൾ ചില സ്ഥലങ്ങളിൽ വെള്ളം കുറഞ്ഞുപോയി എന്നു വരാം. എന്നല്ലാതെ നിശ്ശേഷം വെള്ളം കിട്ടുന്നില്ലായെന്നു വിചാരിക്കാൻ ന്യായമില്ല.

LIBRARY ARCHIVES Kerala Legislative Assembly